# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.809 09-11-2016 ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. സി.എഫ്. തോമസ്
ഡോ.എൻ. ജയരാജ്

**മറുപടി**

ഡോ.റ്റി.എം.തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ബജറ്റ് അവതരണവും നടപടിക്രമങ്ങളും നേരത്തേ ആക്കുന്നതിന് നടപടി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിന്റെ അവതരണവും അതിന്മേലുള്ള നടപടിക്രമങ്ങളും നേരത്തേ ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | 2017-18 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റിന്റെ അവതരണവും അതിന്മേലുള്ള നടപടിക്രമങ്ങളും നേരത്തെയാക്കുന്നതിന് നിലവിൽ തീരുമാനങ്ങളൊന്നും കൈകൊണ്ടിട്ടില്ല. എന്നാൽ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഡ്ജറ്റ് നേരത്തെ അവതരിപ്പിച്ച് പാസ്സാക്കുവാൻ സാധിക്കുകയാണെങ്കിൽ പദ്ധതി നിർവഹണത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. എന്നാൽ നിലവിലെ രീതിയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതു കൊണ്ട് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയ്ക്ക് പറയത്തക്ക കോട്ടം തട്ടാൻ ഇടയില്ല. കേന്ദ്ര ബഡ്ജറ്റിനു ശേഷം സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കുകയാണെങ്കിൽ, കേന്ദ്ര ബഡ്ജറ്റിന്റെ വിലയിരുത്തൽ കൂടി ഉൾപ്പെടുത്തി സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള സാവകാശം ലഭിക്കുന്നതാണ്. |
| (ബി) | ഇപ്രകാരം നിർവ്വഹിക്കപ്പെടുന്നതുമൂലം സംസ്ഥാനത്ത് പദ്ധതി വിഭാവനം ചെയ്യുന്ന കാര്യത്തിലും നിർവ്വഹണത്തിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | |
| (സി) | കേന്ദ്രസർക്കാർ ഇത്തരത്തിൽ ആലോചിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ